**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2640 **11.10.2011 ൽ മറുപടിയ്ക്ക്**

<u>ചാത്തന്നൂർ മണ്ഡലത്തിൽ എയ്ഡ്സ് രോഗ ബാധിത കുടുംബത്തിന് വീട് നിർമ്മാണം</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി)** |
| എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചെനെല്ലൂർ ഗ്രാമപഞ്ചായത്തിൽ എയ്ഡ്സ് രോഗ ബാധിത കുടുംബത്തിന് വീട് വച്ച് നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ എന്നാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; | എ) 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്ന് ടെണ്ടർ ചെയ്തുവെന്നും ആരാണ് കരാർ ഏറ്റെടുത്തതെന്നും വ്യക്തമാക്കുമോ; | ബി) പ്രസ്തുത പണി 17..6..2011 ൽ ടെണ്ടർ ചെയ്തു. ശ്രീ.കെ.തോമസ്, നെടുമ്പന എന്ന ആൾ ആണ് കരാറുകാരൻ. |
| സി) നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ എന്നത്തേക്കാണ് പണി പൂർത്തീകരിക്കേണ്ടതെന്നും, നിർമ്മാണ പുരോഗതിയും അറിയിക്കുമോ; | സി) നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ 14..7.2011 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി കാലാവധി 13..10..2011 ൽ അവസാനിക്കും. സിൽ ലെവൽ വരെയുള്ള പണികൾ പൂർത്തികരിച്ചിട്ടുണ്ട്. |
| ഡി) പ്രസ്തുത കുടുംബത്തിന് വീടു നിർമ്മിച്ചു നൽകുന്ന പ്രവർത്തനത്തിൽ യാതൊരു പുരോഗതിയും ഇല്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വീടുനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | ഡി) വീടു പണിയ്ക്ക് പുരോഗതിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീട് പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ